# നീര ടാപ്പിങ്ങിന് കൂടുതൽ ലൈസൻസ് ഉടൻ: മന്ത്രി കെ. ബാബു

കൊച്ചി: കർഷകർക്ക് ഏറെ ആശ്വാസമായി എറണാകുളം ഉൾപ്പെടെയുള്ള 173 ഫെഡറേഷനുകൾക്ക് ഉടനെതന്നെ നീര ചെത്താനുള്ള ലൈസൻസ് കൊടുക്കുന്നതാണ് എന്ന് എക്സൈസ് മന്ത്രി ( കെ. ബാബു പ്രഖ്യാപിച്ചു. തിരുകൊച്ചി കമ്പനിയുടെ പ്രീമിയം ബ്രാൻഡ് നീരയുടെ ലോഞ്ചിംഗ് നാളികേര വികസന ബോർഡ് കൊച്ചി ആസ്ഥാനത്ത് നിർവ്വഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരകർഷക കൂട്ടായ്മകളുടെ താത്പര്യങ്ങൾക്കനുസരിച്ച് ലൈസൻസ് നൽകാനുള്ള തീരുമാനം ഉടൻ തന്നെ എക്സൈസ് വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും. "വിദേശത്ത് നിന്നും കൊണ്ടുവരുന്ന വിലയേറിയ ബൗണ്ടി ചോക്ലേറ്റുകളേക്കാളും ഏറെ രുചികരമാണ് നമ്മുടെ നാട്ടിൽ നീര ഷുഗറുചേർത്തുണ്ടാക്കുന്ന ചോക്ലേറ്റുകൾ. ചോക്ലേറ്റുകളും മറ്റ് മൂല്യ വർദ്ധിത ഉൽപന്നങ്ങളും കയറ്റുമതി ചെയ്യാനുള്ള സാധ്യതകൾ വളരെ കൂടുതലാണ്," മന്ത്രി കെ. ബാബു കൂട്ടിച്ചേർത്തു.

112 കൊല്ലക്കാലമായി നിലവിലുണ്ടായിരുന്ന ബ്രിട്ടീഷുകാരുടെ കാലത്തുണ്ടാക്കിയിരുന്ന നിയമത്തിന്റെ പൊളിച്ചെഴുത്താണ് ശ്രീ. കെ. ബാബു എക്സൈസ് മന്ത്രി ആയിരിക്കുന്ന ഈ ഗവൺമെന്റ് ചെയ്തത് എന്ന് ബോർഡ് ചെയർമാൻ ടി. കെ. ജോസ് ഐ.എ.എസ് അഭിപ്രായപ്പെട്ടു. കേരകർഷകർക്കുള്ള പുതുവത്സര സമ്മാനമാണ് നീര ചെത്താനുള്ള കൂടുതൽ ലൈസൻസുകൾ ലഭ്യമാക്കുമെന്ന എക്സൈസ് മന്ത്രിയുടെ പ്രഖ്യാപനം. കമ്പനികൾ സമർപ്പിച്ച പ്രോജക്ടുകൾ അനുസരിച്ച് 40% കുപ്പിയിലാക്കിയ നീരയായും ബാക്കി മൂല്യവർദ്ധിത ഉൽപന്നങ്ങളായും മാറ്റാനാണ് ലക്ഷ്യമിടുന്നത്.

എറണാകുളം ജില്ലയിലെ നാളികേര ഉത്പാദക സൊസൈറ്റികളുടെ നേതൃത്വത്തിൽ രൂപം കൊടുത്തിട്ടുള്ള തിരുക്കൊച്ചി നാളികേര ഉദ്പാദക കമ്പനിയുടെ നീര ശർക്കര കേക്കിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള ലോഞ്ചിംഗ് കൊച്ചി മേയർ ടോണി ചമ്മണി നിർവ്വഹിച്ചു. പ്രമേഹരോഗികൾക്കു പോലും ആരോഗ്യപ്രശ്നങ്ങളില്ലാതെ കഴിക്കാൻ സാധിക്കുന്നതാണ് നീരശർക്കര ചേർത്ത കേക്ക് എന്ന് ബോർഡ് ചെയർമാൻ അഭിപ്രായപ്പെട്ടു. തിരുകൊച്ചി നാളികേര ഉത്പാദക കമ്പനി ചെയർമാൻ ജോസഫ് ബാബു അദ്ധ്യക്ഷത വഹിച്ചു. മൂന്നു മാസത്തിനുള്ളിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി തിരുകൊച്ചി നാളികേര കമ്പനിയുടെ പ്ലാന്റ് ഉദ്ഘാടനം ചെയ്യുന്നതായിരിക്കുമെന്ന് കമ്പനി ചെയർമാൻ ജോസഫ് ബാബു പറഞ്ഞു. ഏലിയാസ് കെ. തര്യൻ സ്വാഗതം ആശംസിക്കുകയും ബിജു ജോൺ, കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു. ക്രിസ്തുമസ് പുതുവത്സര വിപണി ലക്ഷ്യമാക്കി തിരുകൊച്ചി കമ്പനി വിപണിയിലിറക്കിയ നീര കേക്ക് ബോർഡിന്റെ നാഫെഡ് സ്റ്റാളിൽ നിന്നും രണ്ടു ദിവസത്തിനുള്ളിൽ ലഭ്യമാക്കും. 400 ഗ്രാം കേക്കിന് 160 രൂപയും 800 ഗ്രാമിന് 320 രൂപയുമാണ് വില.



നിര ബ്രാൻഡിന്റെ വിപണനോദ്ഘാടനം മന്ത്രി കെ ബാബു നിർവഹിക്കുന്നു.